JESUS REDEEMS MINISTRIES

# യുവജനലോകം

ജനുവരി 2024

സാത്താൻ എത്ര അഗ്നി
അസ്ത്രങ്ങൾ പ്രയോഗിച്ചാലും
നമ്മുടെ ദൈവം

## എല്ലാ ഉപദ്രവങ്ങളിൽ

## നിന്നും കാത്തുസൂക്ഷിക്കും.





യുവജനലോകം മാസികയുടെ എല്ലാ വായനക്കാർക്കും എഴുത്തുകാർക്കും വിവർത്തകർക്കും എന്റെയും 'യേശു വിടുവിക്കുന്നു' കുടുംബത്തിന്റെയും നവവത്സരാശംസകൾ!




# ഉള്ളടക്കം...










യുവജനലോകം

എല്ലാ 'യേശു വിടുവിക്കുന്നു' ശാഖാ കാര്യാലയങ്ങളിലൂടെയും നിങ്ങൾക്ക് ഈ യുവജനലോകം മാസികയുടെ വരിക്കാരാകാം. youth.jesusredeems.com എന്ന website വഴി നിങ്ങൾക്ക് ഓൺലൈനായി വരിക്കാരാകാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുവാൻ: 9249718266

യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷ,
നാലുമാവടി, തൂത്തുക്കുടി - 628 211.
Phone: 04639-353333 | Cell:9750955547
E-mail: youth@jesusredeems.org
www.jesusredeems.com | youth.jesusredeems.com

# മുഖവുര




പ്രിയപ്പെട്ട യൗവനക്കാർക്ക് സ്നേഹാശംസകൾ!

ഒക്ടോബർ മാസം 7 -ാം തീയതി ഇസ്രായേൽ രാഷ്ട്രം ഒരിക്കലും മറക്കാത്ത രീതിയിൽ , ഹമാസ് ഭീകരർ 20 മിനിറ്റിനുള്ളിൽ 5000 ബോംബുകൾ വർഷിച്ച് ഇസ്രായേൽ രാഷ്ട്രത്തെ അസ്ഥിരപ്പെടുത്തി. മുമ്പ് ഒരിക്കലും ഇല്ലാത്ത തരത്തിൽ വിമാന ആക്രമണം, കര ആക്രമണം, കടൽ ആക്രമണം എന്നിങ്ങനെ പല രീതിയിൽ ആക്രമിച്ച് 248 ലധികം പേരെ ബന്ദികളാക്കി. 1377 - ലധികം പേർ കൊല്ലപ്പെട്ടു. ആയിരങ്ങൾക്ക് പരിക്കേറ്റു. ചില സൈനികർ മരിച്ചു. ഇസ്രായേലിനു ചുറ്റിലുമുള്ള അയൺ ഡോമിന്റെ സംരക്ഷണ കവചം നിമിത്തം, ഒരേ സമയം 5000 മിസൈലുകൾ പതിച്ചപ്പോഴും കുറച്ച് കേടുപാടുകൾ മാത്രമേ സംഭവിച്ചുള്ളൂ. മാത്രവുമല്ല, ഇസ്രായേൽ രാഷ്ട്രത്തിന്റെ ശക്തിയുടെ പ്രധാന കാരണം സൈന്യമാണെന്ന് പറയാം. വലിയ നാശനഷ്ടങ്ങൾ വരുത്തി ഇസ്രായേൽ രാജ്യത്തെ സ്തംഭിപ്പിക്കാൻ ഹമാസ് പദ്ധതിയിട്ടെങ്കിലും, ഇസ്രായേൽ സൈന്യം എഴുന്നേറ്റ് അതേ ദിവസം തന്നെ ആക്രമണം തുടങ്ങി. ഗാസ അതിർത്തിയിൽ വലിയ നാശനഷ്ടം ഉണ്ടാക്കി. സിറിയയും ലെബനോനും പലസ്തീനെ സഹായിക്കുകയും ഇസ്രായേലിനെ ആക്രമിക്കുകയും ചെയ്തു. എന്നാൽ ഇസ്രായേൽ ഒരു ചെറിയ രാജ്യമാണെങ്കിലും ചുറ്റുമുള്ള എല്ലാ ശത്രു രാജ്യങ്ങളെയും വെല്ലുവിളിച്ചു.



ഹമാസിന്റെ മുഴുവൻ ഭീകരരെയും നശിപ്പിക്കുന്നതുവരെ വിശ്രമിക്കില്ലെന്ന് ഇസ്രായേൽ സൈന്യം തീരുമാനമെടുത്തു. ഇന്നും അതിൽ ഉറച്ചുനിൽക്കുന്നു. ഇസ്രായേലിനുനേരെ എത്ര മിസൈലുകൾ വർഷിച്ചിട്ടും ആർക്കും ഇസ്രായേലിനെ പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കാരണം, ഇസ്രായേലിന്റെ(Iron Dome) ആയുധങ്ങളെക്കാൾ കർത്താവിന്റെ കരവും, ശക്തിയും ആ ദേശത്തിൽ ഇന്നും ബലമുള്ള കോട്ടയായിരിക്കുന്നു.

എന്റെ യൗവനക്കാരെ, സാത്താൻ നിങ്ങളെ വീഴ്ത്തുവാൻ, പാപം, തളർച്ച, പരാജയം എന്നിങ്ങനെയുള്ള അഗ്നി അസ്ത്രങ്ങൾ നിങ്ങളുടെനേരെ എയ്താലും, Iron Domeനേക്കാൾ സംരക്ഷണമേറിയ ദൈവത്തിന്റെ സാന്നിധ്യം നിങ്ങളെ സംരക്ഷിക്കും. 2023 -ാം വർഷം മുഴുവനും നിങ്ങളെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിച്ചതുപോലെ ഈ പുതിയ വർഷവും എല്ലാ ദോഷങ്ങളിൽ നിന്നും കർത്താവ് നിങ്ങളെ സംരക്ഷിക്കും. കൂടാതെ നിങ്ങളുടെ ആത്മാവിനെയും സംരക്ഷിക്കുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു.

ഇന്ന് സാത്താൻ എല്ലാ ഭാഗത്തുനിന്നും വലയം ചെയ്ത് നിങ്ങളെ ആക്രമിക്കാൻ തുടങ്ങിയാലും കർത്താവിന്റെ സംരക്ഷണം നിശ്ചയമായും ഉണ്ടായിരിക്കും! "ഞാൻ നിന്റെ പ്രാണനെ പരിപാലിക്കും" എന്ന് കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. അതിനാൽ, നിങ്ങളുടെ ദേശത്ത് ഉണർവിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പുതുവർഷത്തിൽ നവോന്മേഷത്തോടെ പ്രവർത്തിക്കുവിൻ! കർത്താവ് കോട്ടയായി, ഒരു വലിയ സംരക്ഷണമായി നിങ്ങളോടുകൂടെ ഇരുന്ന്, എല്ലാ തിന്മകളിൽ നിന്നും നിങ്ങളെ സംരക്ഷിക്കും!

ക്രിസ്തുവിന്റെ വേലയിൽ
അവിനാഷ്.





# വിളി ഉണ്ടായാൽ, നശിച്ചുപോകയില്ല!




റോമൻ കത്തോലിക്ക കുടുംബത്തിൽ ജനിച്ച അദ്ദേഹം 9 വയസ്സ് മുതൽ സംഗീതത്തോടുള്ള താൽപര്യം നിമിത്തം യേശുവിനെ സ്വീകരിച്ചു. 10 -ാം വയസ്സിൽ അഭിഷേകം പ്രാപിച്ച്, പൂർണ്ണ സമയ ശുശ്രൂഷയ്ക്കായിട്ടുള്ള വിളി സ്വീകരിച്ച്, ഇന്ന് അനേകം യൗവനക്കാരെ മനോഹരമായ ഗാനങ്ങളിലൂടെ ദൈവത്തിലേക്ക് തിരിക്കുന്ന ഒരു യുവ പ്രാസംഗികനും ഗാനശുശ്രൂഷകനുമാണ്. രഞ്ജിത്ത് ജബ എങ്ങനെയാണ് ദൈവത്തെ അറിഞ്ഞതെന്ന് ഈ അഭിമുഖത്തിലൂടെ അദ്ദേഹം നമ്മോട് പങ്കുവയ്ക്കുന്നു ......

**ബില്ലി:** ഹലോ സഹോദരാ .... സുഖമായിരിക്കുന്നുവോ?

**രഞ്ജിത്ത് ജബ:** ദൈവത്തിന്റെ കൃപയാൽ ഞാൻ സുഖമായിരിക്കുന്നു.

**ബില്ലി:** ഞങ്ങളുടെ യുവജനലോകം വായനക്കാർക്ക് നിങ്ങളെ പരിചയപ്പെടുത്തുന്നതിൽ അതിയായ സന്തോഷമുണ്ട് .....

**രഞ്ജിത്ത്:** നന്ദി! എന്റെ സാക്ഷ്യം നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ എനിക്കും അതിയായ സന്തോഷമുണ്ട്.

**ബില്ലി:** ശരി സഹോദരാ .... എല്ലാവരും നിങ്ങളുടെ അഭിമുഖത്തിനായി കാത്തിരിക്കുകയാണ് .... വരൂ സഹോദരാ, നമുക്ക് പോകാം.

**രഞ്ജിത്ത്:** ശരി നമുക്ക് പോകാം.

**ബില്ലി:** നിങ്ങളുടെ കുടുംബത്തെയും സഹോദരങ്ങളെയും കുറിച്ച് പറയാമോ?

**രഞ്ജിത്ത്:** തേനി ജില്ലയിലെ ഉത്തമപാളയത്ത് ഒരു പരമ്പരാഗത റോമൻ കത്തോലിക്ക കുടുംബത്തിലാണ് ഞാൻ ജനിച്ച് വളർന്നത്. എന്റെ അച്ഛൻ ഇലക്ട്രീഷ്യനാണ്. അമ്മ വീട്ടമ്മയാണ്, എനിക്ക് ഒരു സഹോദരി ഉണ്ട്. ഞാൻ 8 -ാം ക്ലാസ് വരെ ഉത്തമപാളയത്തെ ഒരു സ്കൂളിലാണ് പഠിച്ചത്. രായപ്പൻപട്ടി എന്ന ഗ്രാമത്തിലെ സ്കൂളിൽ 9-ാം ക്ലാസ് മുതൽ 12 -ാം ക്ലാസ് വരെ പഠിച്ചു. എന്റെ മുത്തച്ഛനും അച്ഛനും ചെറിയച്ഛനും എല്ലാം തികഞ്ഞ റോമൻ കത്തോലിക്കരായിരുന്നു. അവർ പള്ളി ഗായകസംഘത്തിൽ ഹാർമോണിയം വായിക്കുന്നു. എന്റെ കുടുംബം അത്തരമൊരു പരമ്പരാഗത കത്തോലിക്ക സമുദായത്തിലാണ് നിലനിന്നിരുന്നത്. എന്റെ അമ്മ കേരളത്തിലുള്ളവരാണ്. അവർ ആത്മീയ കൂട്ടായ്മകളിൽ പോയി രക്ഷിക്കപ്പെട്ടിരുന്നു. കുട്ടിക്കാലത്ത് ഞങ്ങളുടെ വീടിനടുത്തായിരുന്നു സൺഡേ സ്കൂൾ. അമ്മ ഞങ്ങളെ അവിടേക്ക് കൊണ്ടുപോകുകയും ഞങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്തിരുന്നു. ഞങ്ങളുടെ പട്ടണത്തിൽ നടക്കുന്ന യുവജന യോഗങ്ങൾക്കും കൺവെൻഷൻ






യോഗങ്ങൾക്കും അമ്മ അച്ഛന്റെ അനുവാദം വാങ്ങി ഞങ്ങളെ അയക്കുമായിരുന്നു. അവിടെ നടക്കുന്ന ആരാധനകൾ കണ്ടപ്പോൾ എനിക്ക് അതിൽ വളരെ താല്പര്യം തോന്നിത്തുടങ്ങി. എന്നാൽ എല്ലാ ഞായറാഴ്ചയും ഞങ്ങൾ റോമൻ കത്തോലിക്ക പള്ളിയിൽ പോകണമെന്ന് അച്ഛന് വളരെ നിർബന്ധമായിരുന്നു.

ബില്ലി: കൊള്ളാം ... ഒരു കത്തോലിക്ക കുടുംബത്തിൽ ജനിച്ചു വളർന്ന നിങ്ങൾ എങ്ങനെയാണ് യേശുവിനെ അറിഞ്ഞത്?

**രഞ്ജിത്ത്:** ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ എന്റെ ചെറിയമ്മ ആത്മീയ കൂട്ടായ്മകളിൽ പോകുമായിരുന്നു. ഞാൻ കത്തോലിക്ക സഭ വിട്ട് എന്റെ ചെറിയമ്മയോടൊപ്പം ആത്മീയ കൂട്ടായ്മകളിൽ പോകാൻ തുടങ്ങി. പള്ളിയിലെ പാസ്റ്റർ ഗിറ്റാർ വായിക്കുകയും പാട്ടുകൾ പാടുകയും ചെയ്യും. കുട്ടിക്കാലം മുതൽ എനിക്ക് ഗിറ്റാറിനോട് വലിയ താൽപര്യമായിരുന്നു. കത്തോലിക്ക സഭയുടെ ആരാധനാക്രമത്തിൽ എനിക്ക് വലിയ താൽപര്യവുമില്ല. അച്ഛന്റെ നിർബന്ധം കാരണം ഞാൻ ആ പള്ളിയിൽ പോകും. അച്ഛനറിയാതെ അമ്മ ഞങ്ങളെ ചെറിയമ്മയുടെ കൂടെ അയയ്ക്കും. കാലം പോകുന്തോറും എനിക്ക് ഗിറ്റാറിനോട് താൽപര്യം കൂടാൻ തുടങ്ങി. അവിടെയുള്ള സംഗീതോപകരണങ്ങൾ കണ്ടപ്പോൾ എങ്ങനെയെങ്കിലും വായിക്കണമെന്ന് തോന്നി. പക്ഷേ, അന്ന് അത് വാങ്ങാനോ പരിശീലിക്കാനോ കഴിയാത്ത അവസ്ഥയിലായിരുന്നു.

ബില്ലി: സൂപ്പർ .. ചെറിയമ്മയോടൊപ്പം പോകാൻ ആരംഭിച്ച നിങ്ങൾക്ക് ഗിറ്റാറിൽ വളരെ താൽപര്യമുണ്ടായിരുന്നു .... അത് നിങ്ങൾ പഠിച്ചോ?

**രഞ്ജിത്ത്:** ഞാനും ചെറിയമ്മയും അമ്മയും ഉപവാസ പ്രാർത്ഥനകളിൽ പങ്കെടുക്കും. അത് നിമിത്തം ഞങ്ങളുടെ വീട്ടിൽ ഭയങ്കര വഴക്കുണ്ടാകും. അച്ഛനും അമ്മയും തമ്മിൽ വഴക്കിടുന്നത് ഞാനും ചെറിയമ്മയും കാണാറുണ്ടായിരുന്നു. ചിലപ്പോൾ എനിക്കും അടി കിട്ടും. അടികിട്ടിയെങ്കിലും അടുത്ത ആഴ്ചയും ഞാൻ സഹോദരിയോടു കൂടെ കൂട്ടായ്മയിൽ പോകും. ഗിറ്റാറിനോടുള്ള അഭിനിവേശം കാരണം ഞാൻ എല്ലാ ആഴ്ചയും കടന്നുപോയിരുന്നു. സൺഡേ സ്കൂളിൽ പഠിപ്പിക്കുന്ന വചനങ്ങൾ എന്റെ ഹൃദയത്തിൽ ആഴമായി പതിഞ്ഞിരുന്നു. ഞാൻ ആത്മീയ ജീവിതത്തിൽ വളരാൻ ഇവയെല്ലാം കാരണമായിരുന്നു. കുട്ടിക്കാലം മുതൽ ഒരു പാസ്റ്ററാകണമെന്നതായിരുന്നു എന്റെ ആഗ്രഹം. പഠിച്ച് ആരാകണം എന്ന് ആരെങ്കിലും എന്നോട് ചോദിച്ചാൽ ഒരു പാസ്റ്ററാകാൻ പോകുന്നു എന്ന് ഞാൻ പറയുമായിരുന്നു. 9 -ാം ക്ലാസ്സ് വരെ പല പ്രതികൂലങ്ങളിലൂടെയാണ് ഞാൻ ആരാധനാലയത്തിൽ പോയിരുന്നത്. അതോടൊപ്പം എന്റെ സംഗീതത്തോടുള്ള താൽപര്യവും വളർന്നു. എത്ര തല്ലിയാലും ശാസിച്ചാലും ഞാൻ നമ്മുടെ പാരമ്പര്യത്തിലേക്ക് വരില്ല എന്ന് മനസ്സിലാക്കിയ അച്ഛൻ എന്നെ പോകാൻ അനുവദിച്ചു. അതിനുശേഷം ഞാൻ പതിവായി ആരാധനാലയത്തിൽ പോകാൻ തുടങ്ങി.



ബില്ലി: ശരി... സംഗീതത്തോടുള്ള നിങ്ങളുടെ താൽപര്യം എങ്ങനെയാണ് കണ്ടെത്തിയത്?

**രഞ്ജിത്ത്:** ഞാൻ നാലാം ക്ലാസിൽ പഠിക്കുമ്പോൾ ഒരിക്കൽ പാസ്റ്റർ ഗിറ്റാറുമായി പോയപ്പോൾ എനിക്ക് ഗിറ്റാറിൽ തൊടണമെന്ന് തോന്നി അതിൽ കൈവച്ചപ്പോൾ മനോഹരമായ ശബ്ദമുണ്ടായി. ഇത് കണ്ടിട്ട്: "നിനക്ക് ഗിറ്റാർ പഠിക്കണോ?" എന്ന് പാസ്റ്റർ എന്നോട് ചോദിച്ച് 3 കോഡുകൾ മാത്രം പഠിപ്പിച്ചു



തന്നു. അതിനുശേഷം ഞാൻ കടലാസിൽ ഒരു ഡയഗ്രം വരച്ച് അദ്ദേഹം വായിക്കുന്നത് കേട്ട് ഗിറ്റാർ വായിക്കാൻ പഠിച്ചു. പക്ഷേ എനിക്ക് ഗിറ്റാർ വാങ്ങാൻ കഴിഞ്ഞിരുന്നില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം പാസ്റ്റർ എനിക്ക് ഗിറ്റാർ തന്നിട്ട് എനിക്കറിയാവുന്നത് വായിക്കാൻ പറഞ്ഞു. അത് വായിക്കാനുള്ള ജ്ഞാനം കർത്താവ് നൽകി. എനിക്ക് ഒരു ഗിറ്റാർ വാങ്ങണം, വീട്ടിൽ വച്ച് വായിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അതിന് സാധിക്കാത്തതിനാൽ ഞാൻ ഒരു കാർഡ്ബോർഡ് പെട്ടി എടുത്ത് ഗിറ്റാർ പോലെ ഉണ്ടാക്കി സഹോദരിയുടെ തലമുടി കെട്ടുന്ന റബ്ബർ ബാൻഡ് സ്ട്രിങ്ങായി കെട്ടി വായിക്കുമായിരുന്നു.

ബില്ലി: ശരി ... സംഗീതത്തോടുള്ള നിങ്ങളുടെ താൽപര്യം ഞങ്ങൾക്ക് മനസ്സിലാകുന്നു... കർത്താവുമായുള്ള നിങ്ങളുടെ ബന്ധത്തിൽ എങ്ങനെയായിരുന്നു മുന്നോട്ടു പോയത്?

**രഞ്ജിത്ത്:** ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു മുഴുരാത്രി പ്രാർത്ഥനയ്ക്കായി എന്റെ ചെറിയമ്മയോടുകൂടെ പോയിരുന്നു. അപ്പോൾ അഭിഷേകം പ്രാപിക്കാൻ ആഗ്രഹിക്കുന്നവരെ മുന്നിലേക്ക് വിളിച്ചു. ഞാൻ മുന്നിൽ പോയി നിന്നപ്പോൾ, എന്റെ നാവിൽ നിന്ന് പുതിയ ഭാഷ വരുന്നതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പാസ്റ്റർ എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ എന്റെമേൽ ഒരു വെളിച്ചം വരുന്നതായി എനിക്ക് അനുഭവപ്പെട്ടു. തുടർന്ന് ഞാൻ അഭിഷേകം പ്രാപിച്ചു. കുട്ടിക്കാലം മുതൽക്കെ എപ്പോഴും എനിക്ക് ജലദോഷം വരാറുണ്ടായിരുന്നു. രാവും പകലും എന്റെ മാതാപിതാക്കൾ എന്നെ ആശുപത്രിയിൽ കൊണ്ടുപോകും. അഭിഷേകം ലഭിച്ചതോടെ അത് പൂർണ്ണമായും എന്നെ വിട്ടുമാറി. എന്റെ പാസ്റ്ററിനോടൊപ്പം കരോൾ സർവീസിന് പോകുമ്പോഴെല്ലാം എന്നെക്കാൾ വലിയൊരു ഗിറ്റാർ കൈവശം വയ്ക്കാറുണ്ട്. പാസ്റ്റർ ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്ക് പോകുമ്പോൾ ഞാൻ Speaker Box, Instruments എല്ലാം എടുക്കും. പതിനൊന്നാം ക്ലാസിൽ പഠിക്കുമ്പോൾ കീബോർഡ് വായിക്കാൻ കർത്താവ് കൃപ നൽകി. പഠിക്കാനായി ഞാൻ ആരുടെ അടുത്തും പോയില്ല. എന്റെ താൽപര്യം നിമിത്തം ഞാൻ സ്വയം ഗിറ്റാറും കീബോർഡും പഠിച്ചു. ചെറുപ്പത്തിൽ സംഗീതത്തിൽ മാത്രമല്ല, യേശുവിനായി എന്തെങ്കിലും ചെയ്യാൻ ഞാൻ ആഗ്രഹിച്ചു. സംഗീതത്തോടുള്ള എന്റെ അഭിനിവേശം കാരണം മറ്റൊന്നും എനിക്ക് വലിയതായി തോന്നിയില്ല. തുടർന്ന് ഞാൻ 12-ാം ക്ലാസിൽ നല്ല മാർക്കോടെ പാസായി. എന്റെ സംഗീത യാത്രയും ജയത്തോടെ മുന്നോട്ടുപോയി.

ബില്ലി: ശരി .... 12 -ാം ക്ലാസ്സ് കഴിഞ്ഞ് പഠനം തുടർന്നോ? അതോ, സംഗീതത്തിന് പ്രാധാന്യം നൽകിയോ?

**രഞ്ജിത്ത്:** 12 -ാം ക്ലാസ് കഴിഞ്ഞപ്പോൾ തിരുച്ചിറാപ്പള്ളിയിലെ ഒരു കോളേജിൽ ബിസിഎയും എംസിഎയും പഠിച്ചു. തിരുച്ചിറാപ്പള്ളിയിൽ പഠിക്കുമ്പോൾ പലയിടത്തും സംഗീതം വായിക്കാൻ അവസരം





ലഭിച്ചു. ആ അവസരങ്ങളെല്ലാം ഞാൻ ഉപയോഗിച്ചു. ഞാൻ എംസിഎ പഠിക്കുമ്പോഴും പലയിടത്തും സംഗീതം വായിക്കാൻ കർത്താവ് കൃപ നൽകി. കോളേജിൽ സംഗീതം അറിയാവുന്ന നല്ല സുഹൃത്തുക്കൾ എനിക്കുണ്ടായിരുന്നു. അവർ എനിക്ക് ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു തന്നു. ആ ദിവസങ്ങളിൽ എനിക്ക് എവിടെ അവസരം കിട്ടിയാലും അവിടെ പാടി ആരാധിക്കും. പ്ലാറ്റ് ഫോമുകളിൽ മാത്രം പാടുന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കാറില്ല. എല്ലാ സമയത്തും കർത്താവിനെ ആരാധിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പഠനം ഒരു വശത്തുണ്ടായിരുന്നെങ്കിലും മറുവശത്ത് ദൈവരാജ്യത്തിന്റെ വേലയിലായിരുന്നു. 6 വർഷത്തെ കോളേജ് പഠനം പൂർത്തിയാക്കിയ ശേഷം ഒരു കമ്പനിയിൽ ജോലി നേടി ചെന്നൈയിലേക്ക് പോയി. നല്ല ശമ്പളത്തോടെ 5 വർഷം ജോലി ചെയ്തു. ശനി, ഞായർ ദിവസങ്ങളിൽ പലയിടത്തും പോയി ആരാധന നടത്താൻ കർത്താവ് കൃപ നൽകി.

ബില്ലി: നല്ല ശമ്പളത്തിൽ ജോലി ചെയ്തിരുന്ന നിങ്ങൾക്ക് എങ്ങനെയാണ് ശുശ്രൂഷയ്ക്കുള്ള വിളി ഉണ്ടായത്? എപ്പോഴാണ് നിങ്ങൾ പൂർണ്ണ സമയ ശുശ്രൂഷയിലേക്ക് പ്രവേശിച്ചത്?

രഞ്ജിത്ത്: 2018 ജനുവരി 22 ന് ഞാൻ വിവാഹം കഴിച്ചു. എന്റെ ഭാര്യയുടെ പേര് ശലോമി. അവൾ ആത്മീയ അനുഭവമുള്ള ക്രൈസ്തവ കുടുംബത്തിലെ അംഗമാണ്. ചെന്നൈയിലായിരുന്നു ഞങ്ങളുടെ വിവാഹം. എനിക്ക് ഒരു മകളുണ്ട്. വിവാഹത്തിനു ശേഷവും 6 മാസത്തോളം ഞാൻ ഇതേ ജോലി തുടർന്നു. 6 മാസത്തിനുശേഷം കർത്താവ് എന്നെ മുഴുവൻ സമയവും ശുശ്രൂഷ ചെയ്യാൻ വിളിച്ചു. കർത്താവിന്റെ വിളിയെക്കുറിച്ച് ഞാൻ എന്റെ വീട്ടുകാരോട് പറഞ്ഞപ്പോൾ, വിവാഹം കഴിഞ്ഞ് 6 മാസം കഴിഞ്ഞ് ഞാൻ മുഴുവൻ സമയം ശുശ്രൂഷയിൽ ഏർപ്പെടുന്നത് അംഗീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല. എനിക്ക് കടബാധ്യതയുണ്ടായിരുന്നു. കർത്താവേ, ഞാൻ ശുശ്രൂഷ ചെയ്യാൻ വരുന്നില്ല, എന്റെ കടം വീട്ടാൻ ഉയർന്ന ശമ്പളത്തിൽ ഒരു നല്ല ജോലി തരേണമേ എന്ന് പ്രാർത്ഥിച്ചു. ഞാൻ കർത്താവിനെ വിശ്വസിക്കുന്നത് അവസാനിപ്പിച്ച് ശമ്പളത്തിൽ വിശ്വസിക്കാൻ തുടങ്ങി. എന്റെ കുടുംബ സാഹചര്യം അങ്ങനെയായതിനാൽ ശുശ്രൂഷയ്ക്ക് വരില്ലെന്ന് ഞാൻ ഉറച്ചുനിന്നു. ഒരു ഭാഗത്ത് കർത്താവിന്റെ വിളി, മറുവശത്ത് കുടുംബത്തിന്റെ അവസ്ഥ. ഞാൻ കർത്താവിൽ നിന്ന് അകന്നുപോകാൻ തുടങ്ങി. എന്റെ അമ്മ നല്ല പ്രാർത്ഥിക്കുന്ന വിശ്വാസിയായ അമ്മയാണ്. എന്നാൽ കടഭാരവും കുടുംബ സാഹചര്യങ്ങളും കാരണം എന്നെ മുഴുവൻ സമയ ശുശ്രൂഷയ്ക്ക് അയക്കാൻ അവർ വിസമ്മതിച്ചു. അവസാനം ഞാൻ മറ്റൊരു കമ്പനിയിൽ ചേർന്നു. ഒരുപാട് പ്രശ്നങ്ങൾ എനിക്കെതിരെ വന്നു. അപ്പോഴാണ് ഞാൻ കർത്താവിന്റെ ഹിതത്തിന് കീഴടങ്ങിയത്. പ്രാർത്ഥിച്ചു. ജോലി രാജി വച്ച് മുഴുവൻ സമയ ശുശ്രൂഷയിൽ ഏർപ്പെട്ടു. 2019 മുതൽ ഞാൻ മുഴുവൻ സമയവും കർത്താവിനെ ശുശ്രൂഷിക്കുന്നു. വീട്ടിൽ ഭയങ്കര പ്രശ്നങ്ങൾ ഉണ്ടാകാൻ തുടങ്ങി. ശുശ്രൂഷയുടെ ആദ്യകാലമായതിനാൽ എല്ലാ മാസവും വീട്ടിലേക്ക് പണം അയക്കാൻ കഴിയുമായിരുന്നില്ല.

ബില്ലി: കൊള്ളാം ... നിങ്ങൾ ശുശ്രൂഷയിൽ എത്തി ... ശുശ്രൂഷ നന്നായി ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞോ?

രഞ്ജിത്ത്: ഇല്ല ..... ധാരാളം ശുശ്രൂഷകർ എനിക്ക് എതിരായി എഴുന്നേറ്റു. എന്നെ



പ്രാർത്ഥനയിൽ നയിച്ച എന്റെ അമ്മ എനിക്കെതിരെ എഴുന്നേറ്റു. അപ്പോഴും കർത്താവേ എന്നെ ഒഴിവാക്കണമേ, അവരെ സൂക്ഷിക്കാൻ ധാരാളം പാസ്റ്റർമാരുണ്ട്, എനിക്ക് ആ ജോലിയിലേക്ക് തിരിച്ചു പോകണം, എനിക്ക് നല്ല ശമ്പളം കിട്ടുന്ന ജോലി തരണം എന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അപ്പോൾ കർത്താവ് എന്നോട് : " യൗവനക്കാർ ദേശത്തിൽ നശിച്ചുകൊണ്ടിരിക്കുന്നു, ദേശവും നശിച്ചുകൊണ്ടിരിക്കുന്നു" എന്ന് അരുളിച്ചെയ്തു. കർത്താവ് പാട്ടുകളിലൂടെ സംസാരിച്ച് എന്നെ ബലപ്പെടുത്തി. കർത്താവ് എനിക്ക് ഒരുപാട് പാട്ടുകൾ തന്നിട്ടുണ്ട്. ഞാൻ അതെല്ലാം എഴുതിവച്ചിരുന്നു.

ശുശ്രൂഷാപാതയിൽ മടുത്തപ്പോൾ "നീ വിശ്വസ്തൻ" എന്ന ഗാനം നൽകി എന്നെ നയിച്ചു. 2017 ൽ സിഡി പുറത്തിറക്കാൻ കർത്താവ് കൃപ നൽകി. കർത്താവ് എന്നെ ശുശ്രൂഷയിൽ ഉപയോഗിക്കുവാൻ തുടങ്ങി. പല സ്ഥലങ്ങളിൽനിന്നും വിളി വന്നു. വിദേശ രാജ്യങ്ങളിൽ ദൈവത്തെ ആരാധിക്കുവാനും ദൈവവചനം പ്രഘോഷിക്കുവാനും കർത്താവ് വാതിൽ തുറന്നുതന്നു. എന്നെ പല രാജ്യങ്ങളിൽ കൊണ്ടുപോയി. അന്ന് കർത്താവിന്റെ പദ്ധതിയിലേക്ക് സമർപ്പിച്ച് കടന്നുവന്നപ്പോൾ കഷ്ടപ്പാടുകൾ ധാരാളമായി ഉണ്ടായിരുന്നു. ഇന്ന് എല്ലാ കടങ്ങളും മാറി അനുഗ്രഹമായിരിക്കുന്നു. കർത്താവിന്റെ വിളി ഉപേക്ഷിച്ച് ഞാൻ ലോകത്തിലെ ജോലിക്ക് പോയിരുന്നെങ്കിൽ എനിക്ക് ഇന്നും ആ കടം വീട്ടാൻ കഴിയുമായിരുന്നില്ല.

ബില്ലി: യൗവനക്കാരോട് നിങ്ങൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

രഞ്ജിത്ത്: വിളിച്ചവൻ വിശ്വസ്തൻ! യോസേഫ് ബാലനായിരുന്നപ്പോൾ, എല്ലാവരുടെയും കറ്റകൾ അവന്റെ പാദത്തിൽ വീണ് നമസ്കരിക്കുമ്പോൾ, അവന്റെ കറ്റ മാത്രം എഴുന്നേറ്റു നിവർന്നു നിൽക്കുന്നതായി ദർശനം കണ്ടു . കർത്താവ് ദർശനം നൽകിയാൽ തീർച്ചയായും അവനെ ഉന്നതങ്ങളിൽ ഇരുത്തും. കർത്താവ് ആരെയും ലജ്ജിപ്പിക്കില്ല. ഏതൊരു മനുഷ്യനെയും ഉയർത്തുവാനും താഴ്ത്തുവാനും കർത്താവിന് കഴിയും. ഏത് സാഹചര്യത്തിലും, കർത്താവിനെ ഉയർത്തുവാനും കർത്താവിനെ മാത്രം മഹത്വപ്പെടുത്തുവാനും നിങ്ങൾ പഠിക്കുകയാണെങ്കിൽ നിങ്ങൾ ഉയർച്ചയും അനുഗ്രഹങ്ങളും അന്വേഷിച്ച് പോകേണ്ട ആവശ്യമില്ല. കർത്താവ് അവ നമ്മുടെ അടുക്കൽ കൊണ്ടുവരും. നിങ്ങൾ കർത്താവിനെ ആശ്രയിച്ച് ജീവിക്കാൻ തുടങ്ങിയാൽ, നിങ്ങളുടെ സാഹചര്യം എന്തുതന്നെയായാലും നിങ്ങളെ ഉയർത്തുവാനും മനോഹരമാക്കുവാനും കർത്താവ് വിശ്വസ്തനാണ്.

ബില്ലി: ആമേൻ! കർത്താവ് നിങ്ങളോട് ഇടപെട്ട രീതി കാണുമ്പോൾ ശരിക്കും അത്ഭുതമായിരിക്കുന്നു. നിങ്ങളുടെ സാക്ഷ്യത്തിലൂടെ ഞങ്ങളുടെ യൗവനക്കാരെ പ്രോത്സാഹിപ്പിച്ചതിനും നിങ്ങളുടെ തിരക്കുള്ള ശുശ്രൂഷയിൽ നിന്ന് സമയം ചെലവഴിച്ചതിനും വളരെ നന്ദി. കർത്താവ് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ശുശ്രൂഷയെയും തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# Revival Igniters Camp

2019 ലെ ഉണർവ് ക്യാമ്പിൽ ഉണർവിൽ ഉപയോഗിക്കുവാനായി 7 തരം യുവതലമുറയെ എഴുന്നേൽപ്പിക്കുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്തതുപോലെ തമിഴ് നാട്, കേരളം, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഉത്തരേന്ത്യ, മഹാരാഷ് ട്ര എന്നിവിടങ്ങളിൽ നിന്നുള്ള 12,000 ത്തിലധികം യുവാക്കളെ കർത്താവ് നാലുമാവടിയിലെ ദൈവ ഭവനത്തിലേക്ക് കൊണ്ടുവന്നു. കഴിഞ്ഞ വർഷം പരിശീലനം നേടിയ എല്ലാവരെയും കർത്താവ് അഗ്നിയാൽ നിറച്ച് അയച്ചു. 2021 മുതൽ 2023 വരെ, യൗവനക്കാർക്ക് മാത്രം പത്തിലധികം ഉണർവ് ക്യാമ്പുകൾ നടത്തി. ഉണർവിനായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സുവിശേഷവത്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സഹോ. മോഹൻ സി ലാസർ വിശദീകരിച്ചു. പ്രവാചക തലമുറയെക്കുറിച്ചും യുദ്ധ തലമുറകളെക്കുറിച്ചും സഹോ. വിൻസെന്റ് സെൽവകുമാർ പങ്കുവച്ചു. പങ്കെടുത്ത എല്ലാ യൗവനക്കാരെയും ഉണർവിനായി പ്രാർത്ഥിക്കുന്നവരായും, രാജ്യത്തിൽ ഉണർവ് വ്യാപിപ്പിക്കുന്നവരായും കർത്താവ് രൂപാന്തരപ്പെടുത്തി. പരിശീലനം ലഭിച്ച ഓരോ വ്യക്തിയും അവരവരുടെ സംസ്ഥാനങ്ങളിൽ സുവിശേഷം അറിയിക്കുകയും ആത്മാക്കളെ നേടുകയും ചെയ്യുന്നു.






















# ഉപദ്രവം ഒഴിവാക്കും!

സഹോ. മോഹൻ സി ലാസറസ്



എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, ഈ പുതുവർഷത്തിലും കർത്താവ് നിങ്ങളെ അനുഗ്രഹിക്കാനും ശക്തിപ്പെടുത്താനും ആഗ്രഹിച്ച്, "യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും" എന്ന് വാഗ്ദത്തം നൽകിയിരിക്കുന്നു. അതായത് "എന്റെ മകനേ (ളേ), നീ ഭയപ്പെടേണ്ട ഭാരപ്പെടേണ്ട ഞാൻ നിന്നെ സംരക്ഷിക്കുന്ന ദൈവമാകുന്നു" (സങ്കീർത്തനം 121:7) എന്ന് വാഗ്ദത്തം ചെയ്യുന്നു.

ഇന്ന് ഈ ലോകത്തിൽ നോക്കുവിൻ! ഒരു വശത്ത് 'കൊടുങ്കാറ്റ്', 'പ്രളയം', 'മഞ്ഞ്', 'തീ' കൂടാതെ 'കടൽ ക്ഷോഭങ്ങൾ' തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ!

കൂടാതെ പല തരത്തിലുള്ള വൈറസുകളും മഹാമാരിയും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ജനങ്ങളെ അസ്വസ്ഥരാക്കുന്നു! മറുവശത്ത് പട്ടിണി! ജനജീവിതം സ്തംഭിച്ചുപോകുന്ന അവസ്ഥയാണ്. ഇത്തരം പല സാഹചര്യങ്ങളും ജനങ്ങളിൽ ഭയവും ആശയക്കുഴപ്പവും ഉണ്ടാക്കുന്നതായി നാം കാണുന്നു.

ഒരുപക്ഷേ നിങ്ങളും ഈ ദിവസങ്ങളിൽ അത്തരമൊരു സാഹചര്യത്തിലൂടെയാകാം കടന്നുപോകുന്നത്! എന്നാൽ, നിങ്ങളെക്കുറിച്ച് കരുതലുള്ള കർത്താവ്, നിങ്ങളെ നോക്കി, "എന്റെ മകനെ (ളെ), നീ ഭയപ്പെടേണ്ട! ഭാരപ്പെടേണ്ട! ഏത് സാഹചര്യത്തിലും ഞാൻ നിന്നെ പരിപാലിക്കും" എന്ന് വാഗ്ദത്തം ചെയ്യുന്നു. മനുഷ്യൻ നമുക്കെതിരെ പല കാര്യങ്ങൾ ചെയ്ത്, ദോഷങ്ങൾ വരുത്തുന്ന ധാരാളം തിന്മകൾ ഉണ്ടെങ്കിലും , കർത്താവ് ഇന്ന് നിങ്ങളോടുകൂടെയിരുന്ന് നിങ്ങളെ സംരക്ഷിക്കുമെന്ന് വാഗ്ദത്തം ചെയ്യുന്നു. കർത്താവ് വാഗ്ദത്തം നൽകിയാൽ, അത് നിറവേറ്റും!

നമ്മുടെ ദൈനംദിന ജീവിതത്തിൽ കർത്താവ് നമ്മെ സംരക്ഷിക്കുന്ന വഴികളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

## നമ്മുടെ ആത്മാവിനെ രക്ഷിക്കും!

**"...; അവൻ (കർത്താവ്) നിന്റെ പ്രാണനെ പരിപാലിക്കും" (സങ്കീർത്തനം 121:7)**

**ഇതാണ് കർത്താവ് നമുക്കായി ചെയ്യുന്ന ആദ്യത്തെ കാര്യം! നമ്മുടെ ജീവിതത്തിൽ രോഗങ്ങൾ, നഷ്ടങ്ങൾ, പട്ടിണി,**



**മഹാമാരി എന്നിങ്ങനെ പല അപകടങ്ങളും വരുന്നത് സത്യമാണ്. എന്നാൽ, നമ്മുടെ ഉള്ളിൽ ഒരു ആത്മാവുണ്ട്. കർത്താവുമായി ആശയവിനിമയം നടത്തുന്നതും, കർത്താവ് നൽകുന്ന സമാധാനവും ആശ്വാസവും നമ്മിൽ സൃഷ്ടിക്കുന്നതും ആ ആത്മാവാണ്. ആ ആത്മാവിൽ**

ദൈവീകമായ ഒരു സമാധാനവും സന്തോഷവും ഉണ്ടെങ്കിൽ മാത്രമേ, യഥാർത്ഥ അനുഗ്രഹം ലഭിക്കൂ. എന്നാൽ ദുഷ്ടനായ പിശാച് ആ ആത്മാവിനെ കളങ്കപ്പെടുത്തുകയും കർത്താവിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ ശ്രമിക്കുകയും ചെയ്യും.

അതായത്, ഒരു മനുഷ്യൻ പാപത്തിൽ ജീവിക്കുമ്പോൾ, അവന്റെ ആത്മാവ് മരിക്കുന്നു!"... പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹെസ്കേൽ 18:4) എന്ന് കർത്താവിന്റെ വചനം പറയുന്നതുപോലെ, ഏത് മനുഷ്യൻ പാപത്തിന് അവസരം നൽകുന്നുവോ, അവനിലുള്ള ആത്മാവ് മരിക്കും.

അതായത്, ശരീരം ജീവനുള്ളതായിരിക്കും. എന്നാൽ, പാപം നിമിത്തം അവന്റെ ആത്മാവ് മരിച്ച്, കർത്താവുമായുള്ള ബന്ധം വിഛേദിക്കപ്പെടുന്നു.



അതുകൊണ്ടാണ് ആളുകൾ ചിലപ്പോഴൊക്കെ "മനസ്സിന് സ്വസ്ഥതയുമില്ല! സമാധാനവുമില്ല! ജീവിക്കാൻ തന്നെ ഭയമാകുന്നു!" എന്ന് പറഞ്ഞ് വിലപിക്കുന്നത്.

ഒരു മനുഷ്യന്റെ ആത്മാവ് ജീവിച്ചിരിക്കുമ്പോൾ മാത്രമേ കർത്താവുമായി ഐക്യപ്പെടുന്നതിന്റെ സന്തോഷവും സമാധാനവും പാപമോചനവും അനുഭവിക്കാൻ കഴിയൂ.

എന്നാൽ ദുഷ്ടനായ പിശാച് നമ്മുടെ ആത്മാവിനെ ലക്ഷ്യമിടുകയും, പാപം അതിൽ കൊണ്ടുവരുകയും കർത്താവിൽ നിന്ന് നമ്മെ വേർപെടുത്താൻ ശ്രമിക്കുകയും ചെയ്യും. അതുകൊണ്ട്, നമ്മുടെ ആത്മാവ് സംരക്ഷിക്കപ്പെടേണ്ടത് വളരെ പ്രധാനമാണ്.

എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങളുടെ ആത്മാവിനെ സംരക്ഷിക്കുന്നതിൽ നിങ്ങൾ അധികം ശ്രദ്ധാലുക്കളായിരിക്കണം. അതിനുവേണ്ടി ദിവസവും വിശുദ്ധ വേദപുസ്തകം വായിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രാർത്ഥിക്കുക! കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക!

കാരണം, നമ്മുടെ ഉള്ളിലെ ആത്മാവ് വിലയേറിയതാണ്! യൗവനപ്രായത്തിൽ കർത്താവ് എന്നെ വിളിച്ചു, ശുശ്രൂഷയ്ക്കായി ഉപയോഗിച്ചു തുടങ്ങി. ആദ്യകാലങ്ങളിൽ പല സഭകളിലും ചില സുവിശേഷ യോഗങ്ങളിലും പ്രസംഗിച്ചു.

ഞാൻ ശുശ്രൂഷകൾ പൂർത്തിയാക്കി കഴിയുമ്പോൾ ചിലർ വന്ന് എന്നെ പുകഴ്ത്തും.

എന്നാൽ ചിലർ എന്റെ അടുക്കൽ വന്ന് "സഹോദരാ, യൗവനത്തിൽ കർത്താവ് നിങ്ങളെ ശക്തമായി ഉപയോഗിക്കുന്നു! പക്ഷേ, അവസാനം വരെ നിൽക്കുമോ?" എന്ന് പറയും. അത്തരം വാക്കുകൾ വീണ്ടും വീണ്ടും കേൾക്കേണ്ടിവന്നപ്പോൾ, അങ്ങനെയെങ്കിൽ അവസാനത്തോളം വീഴാതെ നിൽക്കാനും കർത്താവിൽ നിന്ന് അകന്നു പോകാതിരിക്കാനും കഴിയില്ലേ എന്ന് എന്നിൽ ഒരു സംശയവും ഭയവും ഉണ്ടായി. അക്കാലത്ത് ദൈവശുശ്രൂഷകരിൽ ചിലർ കർത്താവിൽ നിന്ന് പിന്മാറിയ സംഭവങ്ങൾ കേട്ടപ്പോൾ ഞാൻ കൂടുതൽ ഭയപ്പെട്ടു. അപ്പോൾ ഞാൻ പ്രാർത്ഥനയോടെ ശുശ്രൂഷ ചെയ്താലും ആ ചിന്ത എന്റെ മനസ്സിൽ തുടർന്നുകൊണ്ടേയിരുന്നു. ഇത് സാത്താനിൽ നിന്നുള്ള ആക്രമണമാണെന്ന് എനിക്ക് അറിയില്ലായിരുന്നു. ഇതാണ് പിശാചിന്റെ തന്ത്രം! നമ്മുടെ ആത്മാവിനെ വീഴ്ത്താൻ പിശാച് ആദ്യം നമ്മുടെ ഉള്ളിൽ സംശയം സൃഷ്ടിക്കുന്നു. അതു മുഖാന്തരം, എന്റെ ആത്മീയ ജീവിതത്തിൽ ഒരു വലിയ പോരാട്ടം! ഇതൊന്നും ആരോടും പറയാൻ പറ്റാത്ത വിധം ഞാൻ കുഴങ്ങി!

ആ സമയത്ത്, ഒരു ദിവസം ഒരു പട്ടണത്തിലെ ശുശ്രൂഷ കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ, ഒരു പ്രായമായ പിതാവ് എന്റെ തോളിൽ കൈ വച്ച്: "സഹോദരാ, അന്ന് യോസേഫിനെ സംരക്ഷിച്ച കർത്താവ്, ഇന്ന് ഈ യൗവനപ്രായത്തിൽ കർത്താവിനായി ശുശ്രൂഷ ചെയ്യുന്ന നിന്നെയും സംരക്ഷിക്കും" എന്ന് പറഞ്ഞുകൊണ്ട് പോയി. അത്രമാത്രം! ആ വാക്ക് എനിക്ക് ആത്മവിശ്വാസവും ധൈര്യവും നൽകി. യോസേഫിനെ പാപത്തിൽ വീഴ്ത്താൻ, അവൻ താമസിച്ചിരുന്ന സ്ഥലത്ത് പിശാച് ഒരു പ്രലോഭനം കൊണ്ടുവന്നു. പക്ഷേ കർത്താവ് അവനെ സംരക്ഷിച്ചു. അതുവരെ ഞാൻ,

യോസേഫ് ആ പാപത്തിൽ നിന്ന് ഓടിപ്പോയി തന്നെത്താൻ വിശുദ്ധീകരിച്ചതിനാൽ, കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു എന്ന് വിചാരിച്ചിരുന്നു. എന്നാൽ, ആ പിതാവ് എന്നോട് പറഞ്ഞ വാക്ക് കേട്ട് വിശുദ്ധ വേദപുസ്തകം എടുത്ത് വായിച്ചപ്പോൾ, കർത്താവ് എനിക്ക് ഒരു സത്യം വെളിപ്പെടുത്തി നൽകി. അതായത്, "മകനേ, യോസേഫ് പാപത്തിൽ നിന്ന് ഓടിപ്പോയത് കൊണ്ടല്ല, ഞാൻ അവനോടൊപ്പം ഉണ്ടായിരുന്നതുകൊണ്ടാണ് അവൻ ആ പാപത്തിൽ വീഴാതിരുന്നത്. ഞാൻ യോസേഫിനെ സംരക്ഷിച്ചതുപോലെ നിന്നെയും സംരക്ഷിക്കും" എന്ന് പറഞ്ഞ് കർത്താവ് എന്നെ ബലപ്പെടുത്തി. എന്റെ ശുശ്രൂഷാ ജീവിതം തുടങ്ങിയിട്ട് 45 വർഷം തികയുന്നു! എല്ലാറ്റിൽ നിന്നും എന്നെ വിടുവിച്ചു നിർത്തിയ കർത്താവ് അവസാനം വരെ എന്നെ സംരക്ഷിക്കും . എന്തെന്നാൽ, കർത്താവ് എന്റെ ആത്മാവിന്റെ സംരക്ഷകനാണ്.

എന്റെ പ്രിയ യൗവനക്കാരായ മകനേ, മകളേ, കർത്താവിന്റെ കരങ്ങളിൽ നിങ്ങളെത്തന്നെ സമർപ്പിക്കുക എന്നതാണ് നിങ്ങളുടെ ജോലി! നിങ്ങളെ സംരക്ഷിക്കുക എന്നുള്ളത് കർത്താവിന്റെ ജോലിയാണ്!



## കർത്താവ് നമ്മുടെ ഗമനവും ആഗമനവും പരിപാലിക്കും!

യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേക്കും പരിപാലിക്കും (സങ്കീർത്തനം 121:8). കർത്താവ് നമ്മുടെ ആത്മാവിനെ മാത്രമല്ല, നമ്മുടെ ഗമനത്തെയും ആഗമനത്തെയും പരിപാലിക്കും എന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. 'ട്രെയിൻ, 'ബസ്', 'വാൻ', 'കാർ', 'ബൈക്ക്', 'സൈക്കിൾ', 'വിമാനം' തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നടത്തുന്ന യാത്രകളിൽ സംഭവിക്കുന്ന നിരവധി ആപത്തനർത്ഥങ്ങളെ കുറിച്ചുള്ള വാർത്തകളാണ് നാം ഓരോ ദിവസവും കേൾക്കുന്നത്. അതുകൊണ്ട്, നമ്മുടെ യാത്രകളിൽ നമുക്ക് സംരക്ഷണം ആവശ്യമാണ്.

എന്റെ ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ, ഒരു ദിവസം ഞാൻ നാലുമാവടിയിൽ നിന്ന് തിരുനെൽവേലിയിലേക്ക് കാറിൽ പോകുമ്പോൾ, ഡ്രൈവർ കാർ ഓടിച്ചു, ഞാൻ പിൻസീറ്റിൽ കുനിഞ്ഞിരുന്ന് ജനങ്ങൾ പ്രാർത്ഥിക്കാൻ എനിക്ക് അയച്ച കത്തുകളും പ്രാർത്ഥനാ കുറിപ്പുകളും വായിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഏറെ നേരം കുനിഞ്ഞിരുന്നതിനാൽ, പുറം വേദനിക്കാൻ തുടങ്ങി. ഉടനെ തല അൽപം ഉയർത്തിയപ്പോൾ റോഡിന്റെ ഇടതുവശത്തുകൂടി പോകേണ്ട കാർ നിയന്ത്രണം വിട്ട് വലതുവശത്തേക്ക് പോകുന്നത് കണ്ടു. എതിർദിശയിൽ നിന്ന് ഒരു ബസ് അമിതവേഗത്തിൽ വരുന്നുണ്ടായിരുന്നു. ഉടനെ, ഇതെന്താ, വണ്ടി തെറ്റായ വഴിക്ക് പോകുന്നത് എന്ന് വിചാരിച്ച് ഡ്രൈവറെ നോക്കിയപ്പോൾ, അവൻ ഉറങ്ങുകയായിരുന്നു .

എന്ത് സംഭവിക്കുമായിരുന്നു ? അതിനെക്കുറിച്ച് ചിന്തിച്ചുനോക്കൂ. കണ്ണുചിമ്മുന്ന സമയത്തിനുള്ളിൽ ഞാൻ ഡ്രൈവറെ വിളിച്ചുണർത്തി. ഉടനെ അവൻ ഉണർന്ന് ഇടതു വശത്തേക്ക് കാർ തിരിച്ചു. നോക്കൂ, ഒരു നിമിഷം കൊണ്ട് ഞങ്ങൾ സംരക്ഷിക്കപ്പെട്ടു. അല്ലെങ്കിൽ, അന്ന് തന്നെ എന്റെ ഓട്ടം അവസാനിക്കുമായിരുന്നു.

എന്റെ പ്രിയപ്പെട്ടവരെ, നമ്മെ സുരക്ഷിതമായി കൊണ്ടുപോകും എന്ന് നാം വിശ്വസിക്കുന്നവർ ഒരുപക്ഷേ ഉറങ്ങിപ്പോകും.

എന്നാൽ വിശുദ്ധ വേദപുസ്തകത്തിൽ, "യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല" (സങ്കീർത്തനം 121:4) എന്ന് പറയുന്നു.

## എല്ലാ ദോഷങ്ങളിൽ നിന്നും പരിപാലിക്കും!

"യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും..." സങ്കീർത്തനം 121:7.

എന്റെ പ്രിയപ്പെട്ടവരെ, നാം ജീവിക്കുന്ന കാലഘട്ടം അന്ത്യകാലമാണ്! നമുക്ക് ചുറ്റും എപ്പോഴും പല തിന്മകളും നടക്കുന്നുണ്ട്. മത്തായി 24-ാം അദ്ധ്യായത്തിൽ, യേശുക്രിസ്തു മുന്നറിയിപ്പ് നൽകിയ അന്ത്യകാലത്തിന്റെ അടയാളങ്ങളായ ക്ഷാമം, പട്ടിണി, ഭൂകമ്പം, കടൽക്ഷോഭം, ദുഷ്ടന്മാരിൽ നിന്നുള്ള ആപത്തുകൾ തുടങ്ങിയ ആക്രമണങ്ങൾ ഇന്ന് ഈ ഭൂമിയിൽ നടക്കുകയാണ്. മനുഷ്യന്റെ ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ എപ്പോൾ ഉള്ളതിനേക്കാളും ഇന്ന് അപകടകാരികളായി മാറിയിരിക്കുന്നു! സ്വയം രോഗാണുക്കളെ സൃഷ്ടിച്ച് മനുഷ്യരാശിക്ക് തന്നെ നാശം വരുത്തുന്ന ദുഷ്ടന്മാർ വർദ്ധിക്കുന്ന കാലത്തിലേക്ക് നാം കടന്നിരിക്കുന്നു. മാരകമായ ആയുധങ്ങൾ നിർമ്മിച്ച് ആയിരക്കണക്കിന് മൈലുകൾ അകലെയുള്ള രാജ്യങ്ങളെ നശിപ്പിക്കുന്ന കാലത്തിലായിരിക്കുന്നു. അതേസമയം, സാമ്പത്തിക നാശം, മഹാമാരിയാലുള്ള നാശം, ക്ഷാമം, മന്ത്രവാദം എന്നിവ മുമ്പത്തെക്കാളും വ്യാപകമായിരിക്കുന്നു. മന്ത്രവാദം രാജ്യങ്ങളിൽ വർദ്ധിച്ചുവരുന്നതിനാൽ പിശാച് മറഞ്ഞുനിന്ന് പലതരം ആക്രമണങ്ങൾ നടത്തുകയാണ്.



" ...പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു" (1 പത്രൊസ് 5:8) എന്ന് കർത്താവിന്റെ വചനം പറയുന്നു. എന്നാൽ അന്ന് തന്റെ ദൂതനെ അയച്ച് സിംഹങ്ങളുടെ വായിൽ നിന്ന് ദാനിയേലിനെ രക്ഷിച്ച കർത്താവ് (ദാനിയേൽ 6:22) ഇന്നും തന്റെ ദൂതന്മാരോട് കല്പിച്ച് നമ്മെ സംരക്ഷിക്കാൻ ശക്തിയുള്ളവനാണ്.

പ്രിയ സഹോദരൻ സാം ജബദുരൈ ഒരിക്കൽ സുനാമി സമയത്ത് ചെന്നൈയിൽ നടന്ന ഒരു സംഭവം എന്നോട് പറയുകയുണ്ടായി. ഗർഭിണിയായ ഒരു സഹോദരി കടൽത്തീരത്ത് മത്സ്യം വിറ്റുകൊണ്ടിരുന്നപ്പോൾ, പെട്ടെന്ന് സുനാമി തിരമാല ഉയർന്ന് കരയിലേക്ക് കുതിച്ചു. പരിസരത്തുണ്ടായിരുന്നവരെല്ലാം കരയിലേക്ക് ഓടി. എന്നാൽ ആ സഹോദരിക്ക് വേഗത്തിൽ ഓടാൻ കഴിഞ്ഞില്ല. ആ സഹോദരി "യേശുവേ, എനിക്ക് ഇനി ഓടാൻ കഴിയില്ല. ഈ അപകടത്തിൽ നിന്ന് എന്നെ രക്ഷിക്കേണമേ" എന്ന് പറഞ്ഞ് കർത്താവിനോട് പ്രാർത്ഥിച്ചു.

അപ്പോൾ ഒരു അത്ഭുതകരമായ കാര്യം അവിടെ സംഭവിച്ചു. ആഞ്ഞടിച്ച സുനാമി തിരമാല രണ്ടായി പിളർന്ന് ആ സഹോദരി നിന്ന സ്ഥലത്ത് എത്താതെ രണ്ട് വശത്തേക്ക് വഴിമാറിപോയി. സഹോദരി സുരക്ഷിതയായി അവളുടെ വീട്ടിലേക്ക് പോയി.


എനിക്ക് പ്രിയപ്പെട്ടവരെ, യേശുക്രിസ്തു എത്ര അത്ഭുതവാനാണ്! നിങ്ങൾ അത് കണ്ടോ? പ്രകൃതിക്ക് അതീതമായ അത്ഭുതങ്ങൾ ചെയ്യുന്ന കർത്താവ് തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ, നിരാശപ്പെടരുത്! കർത്താവിന്റെ വാഗ്ദത്തത്തിലും ശക്തിയിലും വിശ്വസിച്ച്, നിങ്ങൾ ഒരു ചെറിയ പ്രാർത്ഥന ചൊല്ലിയാലും, കർത്താവ് ആ പ്രാർത്ഥനയെ മാനിക്കുകയും, ഒരു അത്ഭുതം പ്രവർത്തിക്കുകയും ചെയ്യും. കർത്താവ് നിങ്ങളെ സംരക്ഷിക്കും.

**എന്റെ പ്രിയപ്പെട്ട യൗവനക്കാരായ മകനേ, മകളേ, തിന്മയും ദുഷ്ടതയും രോഗങ്ങളും ആപത്തുകളും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, ഏത് വിധത്തിലുള്ള തിന്മയും നിങ്ങളെ തൊടാതവണ്ണം ഞാൻ നിന്നെ വിടുവിച്ച്, സംരക്ഷിക്കും എന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു. വാഗ്ദത്തം ചെയ്തതുപോലെ, ഈ വർഷം മുഴുവനും കർത്താവ് നിങ്ങളുടെ ആത്മാവിനെയും നിങ്ങളുടെ ഗമനത്തെയും ആഗമനത്തെയും സംരക്ഷിക്കുകയും എല്ലാ ദോഷങ്ങളിൽ നിന്നും നിങ്ങളെ സംരക്ഷിക്കുകയും ചെയ്യും. യേശുവുമായി കൂടുതൽ അടുത്ത് ജീവിക്കുവാൻ സ്വയം സമർപ്പിക്കുക!**

# സ്കൂൾ കോളേജ് കൂട്ടായ്മകൾ!

എല്ലാ വർഷവും  സ്കൂളുകളിലും കോളേജുകളിലും പോയി നിരവധി യുവജനങ്ങൾക്ക് സുവിശേഷം അറിയിക്കുവാൻ കർത്താവ് കൃപ നൽകിവരുന്നു.  ഈ വർഷവും തമിഴ് നാട്ടിലെ വിവിധ സ്കൂളുകളും കോളേജുകളും സന്ദർശിച്ച് പഠനത്തെക്കുറിച്ച് ഒരു ധാരണയുണ്ടാക്കി. പ്രതീക്ഷയില്ലാതെ തളർന്നുപോയ വിദ്യാർത്ഥികളോട് യേശുവിനെക്കുറിച്ച് പറഞ്ഞ്, ഭാവിയെയും പഠനത്തെയും ഭയക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച് അവരുടെ മനോഭാവങ്ങളെ മാറ്റി അവർക്ക് ആത്മവിശ്വാസം നൽകി, അവരെ പ്രോത്സാഹിപ്പിച്ചു.  സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ച പ്രാർത്ഥനാ സംഘങ്ങളിൽ പലരും ഒരുമിച്ച് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ 2023 ൽ 45,000 വിദ്യാർത്ഥികളോട് സുവിശേഷം പറയാൻ കർത്താവ് കൃപ നൽകി. കർത്താവിന് മഹത്വം!





























# പുതുവർഷത്തിലെ തീരുമാനങ്ങൾ...

2023 അവസാനത്തോടെ, പലരും പുതുവർഷത്തിലേക്കുള്ള തീരുമാനങ്ങൾ എടുക്കും. എന്നാൽ ചിലർ മാത്രമേ ആ തീരുമാനങ്ങൾ പൂർത്തിയാക്കുകയുള്ളൂ. നാം എടുക്കുന്ന തീരുമാനങ്ങൾ നമുക്ക് പൂർത്തിയാക്കാൻ കഴിയുന്നവ ആയിരിക്കണം. 2024 - ൽ നിങ്ങൾക്ക് എടുക്കാവുന്ന ചില തീരുമാനങ്ങൾ ഇതാ ....



- ദിവസവും 1 മണിക്കൂർ വ്യായാമം ചെയ്യുക.
- പാചകം, തയ്യൽ തുടങ്ങിയ എന്തെങ്കിലും പഠിക്കുക.
- ജോലിസ്ഥലത്ത് സ്ഥാനക്കയറ്റം ആഗ്രഹിക്കുന്നവർ കൂടുതൽ പരിശ്രമിക്കുക.
- പുതിയ ഭാഷകൾ പഠിക്കുക.
- ദിവസവും പൊതുവിജ്ഞാനപുസ്തകം വായിക്കുക.
- ദിവസവും ഡയറി എഴുതുക.
- ദിവസവും കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുക.
- എന്നും അതിരാവിലെ എഴുന്നേൽക്കുക.
- കൃത്യസമയത്ത് ഭക്ഷണം കഴിക്കുക.
- സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിൽ ചെലവഴിക്കുന്ന സമയം കുറയ്ക്കുക.
- നിങ്ങൾക്ക് ഇഷ്ടമുള്ള സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുക.
- ചെറിയ കാര്യങ്ങൾക്കും നന്ദി കാണിക്കുന്നത് ശീലമാക്കുക.
- കടകളിൽ നിന്ന് ഭക്ഷണം വാങ്ങുന്നതിന് പകരം വീട്ടിൽ തന്നെ പാചകം ചെയ്ത് കഴിക്കുക.
- ശുചിത്വം പാലിക്കുക.
- ശമ്പളത്തിന്റെ 20% മെങ്കിലും കരുതണം.
- പുകവലി, മദ്യപാനം തുടങ്ങിയ എന്തെങ്കിലും ശീലങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ ആരോഗ്യകരമായ ജീവിതം നയിക്കാൻ ഈ ശീലങ്ങൾ ഉപേക്ഷിക്കുക.
- പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായ വിദ്യാഭ്യാസം നൽകുക.
- ഇഷ്ടപ്പെട്ട സ്ഥലങ്ങളിലേക്ക് വിനോദയാത്ര ചെയ്യുക.

നല്ല സുഹൃത്തുക്കളെ സമ്പാദിക്കുക.

- ഈ വർഷം മുതൽ ആരിൽ നിന്നും കടം വാങ്ങുകയില്ലെന്ന് തീരുമാനിക്കുക.

അത്തരത്തിലുള്ള പുതുവത്സര തീരുമാനങ്ങൾ എടുത്ത് അതേപോലെ തുടരുക. നിങ്ങൾ ഏറ്റെടുത്ത ദൗത്യം നിറവേറ്റുന്നതിന് നിങ്ങളുടെ മുഴുവൻ സമയവും നൽകേണ്ടത് ആവശ്യമാണ്. സ്ഥിരോത്സാഹം എപ്പോഴും വിജയിക്കുമെന്ന് മറക്കാതെ, സ്വയം മെച്ചപ്പെടുവാനും ജീവിതത്തിൽ മുന്നോട്ടുപോകാനും ചില നല്ല തീരുമാനങ്ങൾ എടുക്കുക.




# യുവജനലോകം

## മാസിക ശുശ്രൂഷ!





2009 ജൂൺ മുതൽ യുവജനലോകം മാസിക തമിഴ് ഭാഷയിൽ അച്ചടിച്ച് എല്ലാ മാസവും 14,000 കോപ്പികൾ തമിഴ് നാട്ടിലെമ്പാടുമുള്ള യുവജനങ്ങൾക്ക് അയച്ചുകൊടുക്കുന്നു. തമിഴ് നാട്ടിൽ മാത്രമല്ല, ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലുമുള്ള യൗവനക്കാർക്ക് വായിക്കുവാനായി 2014 ഏപ്രിൽ മുതൽ ഇംഗ്ലീഷിലും മാസിക പ്രസിദ്ധീകരിച്ചു. 2023 ആഗസ്റ്റ് മാസം മുതൽ മലയാളത്തിലും മാസിക പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു. കൂടാതെ, ഹിന്ദി, തെലുങ്ക്, കന്നഡ ഭാഷകളിൽ ഞങ്ങളുടെ വെബ്സൈറ്റിലും (www.jesusredeems.com) ലഭ്യമാണ്.

യൗവനക്കാർക്ക് മാത്രമായി 6 ഭാഷകളിൽ പ്രത്യേക തലക്കെട്ടുകളിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന ഈ യുവജനലോകം മാസികയിലൂടെ ആയിരക്കണക്കിന് യൗവനക്കാർ പ്രയോജനം നേടുകയും കർത്താവിൽ ശക്തിപ്പെടുകയും ചെയ്യുന്നു.







# MOUNT Sinai 2023

യുവാക്കളെ ഉണർവിന്റെ പങ്കാളികളാക്കാനും, രാജ്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ യോദ്ധാക്കളാക്കാനും യേശുവിനെപ്പോലെ തുറസ്സായ സ്ഥലത്ത് നിന്ന് പ്രാർത്ഥിക്കുന്ന യുവജനങ്ങൾ ഉയരാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2010 മുതൽ ഏകദിന യുവജന ഉപവാസ പ്രാർത്ഥന മൗണ്ട് സീനായ് നടന്നു. ആയിരക്കണക്കിന് യുവാക്കൾ ഭാരത്തോടെ കടന്നുപോയി. കഴിഞ്ഞ കുറച്ച് വർഷങ്ങളായി 6, 7 സ്ഥലങ്ങളിലായി നടന്ന ഈ പ്രാർത്ഥന 2023 നവംബർ 11 ന് ഒരേ സമയം 36 സ്ഥലങ്ങളിൽ നടത്തപ്പെട്ടതിൽ ഏകദേശം 8,326 യുവജനങ്ങൾ ഒരുമിച്ച് ഇന്ത്യക്കുവേണ്ടിയും നശിച്ചുകൊണ്ടിരിക്കുന്ന യൗവനക്കാരുടെ രക്ഷയ്ക്കുവേണ്ടിയും ഇടിവിൽ നിന്ന് പ്രാർത്ഥിക്കാൻ കർത്താവ് കൃപ ചെയ്തു..









# Achievers

## (പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായുള്ള കൂട്ടായ്മ)



സുവിശേഷം സജീവമായി പ്രചരിപ്പിക്കുന്ന ദർശനത്തിൽ, യേശുവിനെ അറിയാത്ത യൗവനക്കാർക്ക് സ്കൂളുകളിലും, കോളേജുകളിലും പോയി യേശുവിനെ അറിയിക്കുന്നത് മാത്രമല്ല, അവരെ ജീവിതത്തിൽ ശക്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് Achievers കൂട്ടായ്മ നടത്തുന്നത്. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കായി 2008 മുതൽ, എല്ലാ വർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ Achievers കൂട്ടായ്മ നടത്തിവരുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്ത് ആത്മവിശ്വാസത്തോടെ കടന്നുപോയി വിജയം നേടുന്നു. ഈ കൂട്ടായ്മയിലൂടെ പ്രയോജനം ലഭിച്ച നിരവധി വിദ്യാർത്ഥികൾ ഇപ്പോൾ പല മേഖലകളിൽ ജോലി ചെയ്യുന്നു.





















# യൗവനക്കാരുടെ ഉണർവ് ക്യാമ്പ്!





കർത്താവിനെ അറിഞ്ഞ, രക്ഷിക്കപ്പെട്ട , ഉണർവ് വ്യാപിപ്പിക്കുന്നവരായി മാറിയ യുവജനങ്ങൾക്കായി ജില്ലയിലും താലൂക്കുകളിലും ഈ കൂട്ടായ്മ നടക്കുന്നു. തമിഴ് നാട്, കേരളം, ആന്ധ്രാപ്രദേശ്, മുംബൈ എന്നീ സംസ്ഥാനങ്ങളിൽ നടന്ന ഈ ക്യാമ്പുകളിലൂടെ ഏകദേശം 13,362 യുവജനങ്ങളെ ഉണർവിനായി സജ്ജമാക്കാൻ കർത്താവ് കൃപ നൽകി.

# Revival Igniters

## പ്രതിമാസ ഐക്യ കൂട്ടായ്മ !







നമ്മുടെ 'യേശു വിടുവിക്കുന്നു' യൂത്ത് മിനിസ്ട്രി നടത്തുന്ന യുവജന കൂട്ടായ്മകളിൽ രക്ഷിക്കപ്പെട്ട യൗവനക്കാർ, ക്രിസ്തുവിൽ വളരാനും ശക്തരാകാനും ശിഷ്യന്മാരാകാനും എല്ലാ മാസവും ഫോളോ അപ്പ് യോഗങ്ങൾ നടത്തിവരുന്നു.

ക്രിസ്തുവിൽ വളർന്ന് ശക്തി പ്രാപിച്ചശേഷം, വചനത്തിൽ വേരൂന്നിയവരായി കർത്താവിൽ സാക്ഷിയായി ജീവിക്കാൻ തമിഴ് നാട്, ആന്ധ്രാപ്രദേശ്, കർണാടക, മഹാരാഷ് ട്ര എന്നീ സംസ്ഥാനങ്ങളിലെ 37 സ്ഥലങ്ങളിൽ Igniters ഫോളോ അപ്പ് ക്യാമ്പുകൾ നടത്തപ്പെട്ടു. ഓരോ മാസവും 2000 ത്തിലധികം യൗവനക്കാരാണ് ഈ കൂട്ടായ്മയിലൂടെ ശക്തരായി വരുന്നത്.




































കൂടാതെ, മാസത്തിലെ അവസാനത്തെ ഞായറാഴ്ച സോഷ്യൽ മീഡിയ വഴിയുള്ള Igniters പ്രതിമാസ ഐക്യ കൂട്ടായ്മ തത്സമയ പരിപാടിയിലൂടെ 3000 ത്തിലധികം യൗവനക്കാർക്ക് പ്രയോജനം ലഭിക്കുന്നു. കർത്താവിന് മഹത്വം!



# വാർഷിക റിപ്പോർട്ട് 2023

'യേശു വിടുവിക്കുന്നു' ശുശ്രൂഷയ്ക്ക് കർത്താവ് നൽകിയ "10 വർഷത്തിനുള്ളിൽ 50 കോടി ആത്മാക്കളോട് സുവിശേഷം അറിയിച്ച്, 5 കോടി ആത്മാക്കളെ നേടുക!" എന്ന മഹത്തായ ദർശനം അനുസരിച്ച്, കർത്താവ് തന്റെ പദ്ധതികൾ നിറവേറ്റുകയാണ്. ഒരു കോടി യൗവനക്കാരെ നേടുന്നതിനായി നൽകിയ മഹത്തായ ദർശനം നിറവേറ്റാൻ കർത്താവ് കൃപ നൽകുന്നു. തമിഴ് നാട്ടിൽ ഉടനീളമുള്ള 5261 യൗവനക്കാർ ഉൾപ്പെടുന്ന സൈന്യം രൂപീകരിക്കാനും, സുവിശേഷ വിത്തുകൾ വിതയ്ക്കുവാനും രാജ്യത്തിൽ ഉണർവിന്റെ അഗ്നി വ്യാപിപ്പിക്കാനും കർത്താവ് സഹായിച്ചു. കൂടാതെ കേരളം, കർണാടക, ആന്ധ്ര, തെലുങ്കാന തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഉത്തരേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും യൗവനക്കാർക്ക് ഉണർവിന്റെ ദർശനം നൽകുവാനും, ഇന്ത്യ മുഴുവനും ഉണർവിന്റെ അഗ്നി വ്യാപിപ്പിക്കുവാൻ ശക്തരാക്കുവാനും കർത്താവ് കൃപ നൽകി.

ഈ Revival Igniters മുഖാന്തരം കർത്താവ് രാജ്യത്തിൽ ശക്തമായ കാര്യങ്ങൾ ചെയ്യുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ (2021 - 2023) 11,35,964 മണിക്കൂർ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കാനും, 65,45,179 പേരോട് നേരിട്ടും മാധ്യമങ്ങളിലൂടെയും സുവിശേഷം അറിയിക്കുവാൻ കർത്താവ് കൃപ നൽകി.

അവരുടെ സംസ്ഥാനങ്ങളിലും ജില്ലകളിലും കൂടുതൽ ശക്തമായി അഗ്നി വ്യാപിപ്പിക്കുവാനും, കർത്താവ് അവരെ നിലനിർത്തുവാനും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർത്തുകൊൾവിൻ!

2030 നുള്ളിൽ 10 കോടി യൗവനക്കാരോട് സുവിശേഷം അറിയിക്കുവാനും, ഒരു കോടി ആത്മാക്കളെ രക്ഷയിലേക്ക് നയിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം!

